# പതിമൂന്നാം കേരള നിയമസഭ

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1571**     **13.07.2011-ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണവകുപ്പ് വിഭജനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ.ശശീന്ദ്രൻ: | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) തദ്ദേശസ്വയംഭരണ വകുപ്പ് വിഭജിക്കാനുള്ള തീരുമാനം എന്തെല്ലാം ഘടകങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ;<br><br>(ബി) വകുപ്പ് വിഭജനത്തിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;<br><br>(സി) അധികാരവികേന്ദ്രീകരണത്തെ വകുപ്പു വിഭജനം സാരമായി ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ ബി & സി) തദ്ദേശസ്വയംഭരണ വകുപ്പിനെ വിഭജിച്ചിട്ടില്ല. ഗവൺമെന്റ് തലത്തിൽ ഒരു പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി എന്നിവർ അടങ്ങുന്ന ഏക വകുപ്പായാണ് ഇപ്പോഴും പ്രവർത്തിച്ചുവരുന്നത്. വിവിധ വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നതിനും, കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി ഒന്നിലധികം മന്ത്രിമാർക്ക് ഭരണച്ചുമതല വിഭജിച്ച് നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട മന്ത്രിമാർക്ക് സെക്രട്ടറിമാർ ഫയലുകൾ സമർപ്പിച്ചു വരുന്നു. കൂടാതെ നിലവിലുള്ള പഞ്ചായത്ത്, നഗരകാര്യം, ഗ്രാമ വികസനം തുടങ്ങി വകുപ്പുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങളിൽ ഏകോപനം ആവശ്യമായി വരുന്ന പക്ഷം തീരുമാനം എടുക്കുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മന്ത്രിമാരായ ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി, ശ്രീ.കെ.സി.ജോസഫ്, ഡോ.എം.കെ.മുനീർ എന്നിവരുൾപ്പെടുന്ന ഒരു ഉപസമിതി രൂപീകരിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ